# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.5 | 01/12/2014 ൽ മറുപടിക്ക് |
|---|---|

### ബാർ കോഴ ഇടപാട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ ഇടപാട് അന്വേഷിക്കാൻ പോലീസ് ഉന്നത തലത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; ധനകാര്യമന്ത്രി കെ.എം.മാണിയ്ക്ക് ബാറുടമകൾ ഒരു കോടി രൂപ നൽകിയതായുള്ള ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ വെളിപ്പെടുത്തലിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; ആരോപണ വിധേയനായ മന്ത്രിയിൽ നിന്ന് അന്വേഷണസംഘം മൊഴി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ബാർ കോഴ ഇടപാട് അന്വേഷിക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണിയ്ക്കെതിരെ ഉള്ള ആരോപണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ ഓഫീസിൽ 04/11/2014 തീയതിയിൽ 14/2014/ എസ്.ആർ.റ്റി. നമ്പരായി ഒരു സത്വരാന്വേഷണം ആരംഭിച്ചിട്ടുണ്ട്. അന്വേഷണ സംഘം ആരോപണവിധേയനായ മന്ത്രിയിൽ നിന്നും മൊഴിയെടുത്തിട്ടുണ്ട്. അന്വേഷണം പുരോഗമിച്ചു വരുന്നു. |
| (ബി) | ബാർ കോഴ ഇടപാടിൽ ആരോപണ വിധേയരായിട്ടുള്ള മറ്റുള്ളവർ ആരൊക്കെയാണ് ; ആരോപണത്തിന്റെ ഉള്ളടക്കത്തിൽ കുറ്റകൃത്യം അടങ്ങിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; നയപരമായ തീരുമാനം കൈക്കൊള്ളേണ്ട പ്രശ്നത്തിൽ വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും അറിയാതെ ഇത്തരമൊരു ഇടപാട് നടക്കുകയില്ലെന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ; | (ബി) | മറ്റുള്ളവർക്കെതിരെആരോപണം ഉന്നയിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | അടച്ചുപൂട്ടിയ ഓരോ ബാറിന്റെയും ഉടമകളിൽ നിന്നും മന്ത്രിമാർ ഉൾപ്പെടെയുള്ളവർക്ക് നൽകാൻ പിരിച്ചെടുത്തതായി ആരോപിക്കപ്പെട്ട തുക എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (സി) | സത്വരാന്വേഷണം പുരോഗമിക്കുന്നു |
| (ഡി) | അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണം നേരിടുന്നവരുടെ ഭരണ നിർവ്വഹണത്തിൽ കീഴിലുള്ളവരായതിനാൽ ഉന്നതതലത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാനും, അവരുടെ അന്വേഷണം ശരിയായ ദിശയിൽ ഉറപ്പാക്കാനും സർക്കാർ തയ്യാറാകുമോ ? | (ഡി) | വിജിലൻസ് ഉദ്യോഗസ്ഥൻമാർക്ക് കേസ് അന്വേഷണം/വിജിലൻസ് അന്വേഷണം/ സത്വരാന്വേഷണം എന്നിവ നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. വിജിലൻസ് സത്യസന്ധമായും കാര്യക്ഷമമായും ആണ് അന്വേഷണം നടത്തുന്നത്. വിജിലൻസ് അതിന്റെ നിയമപരമായ കടമ നിറവേറ്റുന്നതിൽ മറ്റു പരിഗണനകൾക്കൊന്നും യാതൊരു സ്ഥാനവുമില്ല |

സെക്ഷൻ ഓഫീസർ